# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 10.10.2024**

### പ്രധാനവാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദി രണ്ട് ദിവസത്തെ സന്ദർശനത്തിനായി ലാവോസിലേക്ക് യാത്ര പുറപ്പെട്ടു.

2. സംസ്ഥാനത്തെ തൊഴിൽ മേഖലയിലെ പ്രതിസന്ധികൾ സഭാ നടപടികൾ നിർത്തിവെച്ച് ചർച്ച ചെയ്യണമെന്ന ഉപക്ഷേപത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് നിയമസഭയിൽ പ്രതിപക്ഷ വാക്ക്-ഔട്ട്.

3. വയനാട് ദുരന്തബാധിതർക്ക് വീടു നിർമ്മിച്ചു നൽകുന്നതിനുള്ള ഏജൻസിയെ പ്രതിപക്ഷവുമായി കൂടിയാലോചിച്ച് കണ്ടെത്തുമെന്ന് മന്ത്രി കെ.രാജൻ നിയമസഭയിൽ.

4. സംസ്ഥാനത്ത് സബ്ജക്ട് മിനിമം നടപ്പാക്കുന്നതിൽ ആശങ്ക വേണ്ടെന്ന് മന്ത്രി വി.ശിവൻകുട്ടി. പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുമെന്നും മന്ത്രി.

5. പ്രമുഖ വ്യവസായിയും ടാറ്റാ ഗ്രൂപ്പിന്റെ മുൻ ചെയർമാനുമായിരുന്ന രത്തൻ ടാറ്റയുടെ വിയോഗത്തിൽ അനുശോചിച്ച് രാജ്യം. സംസ്കാരം പൂർണ്ണ ഔദ്യോഗിക ബഹുമതികളോടെ മുംബൈയിൽ നടക്കും.

RNU TVPM

6. സംസ്ഥാനത്ത് വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഏഴ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത. മത്സ്യബന്ധനത്തിന് വിലക്ക്.

*********************************

<u>പ്രധാനമന്ത്രി</u>

പ്രധാനമന്ത്രി നരേന്ദ്ര മോദി രണ്ട് ദിവസത്തെ സന്ദർശനത്തിനായി ലാവോസിലേക്ക് യാത്ര പുറപ്പെട്ടു. ലാവോസ് പ്രധാനമന്ത്രി സോനെക്സെ സിഫാൻഡോണിന്റെ ക്ഷണപ്രകാരമാണ് സന്ദർശനം. 21-ാമത് ആസിയാൻ-ഇന്ത്യ ഉച്ചകോടിയിലും 19-ാമത് ഈസ്റ്റ് ഏഷ്യ ഉച്ചകോടിയിലും ശ്രീ. മോദി പങ്കെടുക്കുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു. ഇന്ത്യയും ആസിയാനും തമ്മിലുള്ള സമഗ്ര തന്ത്ര പങ്കാളിത്തം ഉച്ചകോടിയിൽ വിലയിരുത്തുമെന്ന് പ്രധാനമന്ത്രി വ്യക്തമാക്കി.

RNU TVPM

*********************************

<u>അടിയന്തര പ്രമേയം</u>

സംസ്ഥാനത്തെ തൊഴിൽ മേഖല നേരിടുന്ന പ്രതിസന്ധികൾ സഭാ നടപടികൾ നിർത്തിവെച്ച് ചർച്ച ചെയ്യണമെന്ന ഉപക്ഷേപത്തിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് നിയമസഭയിൽ പ്രതിപക്ഷ വാക്ക്-ഔട്ട്. പ്രതിപക്ഷത്തു നിന്നും പി.സി വിഷ്ണുനാഥ് ആണ് ഉപക്ഷേപത്തിന് അനുമതി തേടിയത്. സംസ്ഥാനത്ത് സംവരണ തത്വങ്ങൾ അട്ടിമറിക്കപ്പെടുകയാണെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ആരോപിച്ചു. എന്നാൽ രാജ്യത്ത് ഏറ്റവും കൂടുതൽ PSC നിയമനങ്ങൾ നടത്തുന്ന സംസ്ഥാനം കേരളമാണെന്ന് മന്ത്രി കെ.എൻ ബാലഗോപാൽ മറുപടി നൽകി. മന്ത്രിയുടെ മറുപടിയുടെ

അടിസ്ഥാനത്തിൽ സ്പീക്കർ ഉപക്ഷേപത്തിന് അനുമതി നിഷേധിക്കുകയായിരുന്നു.

***********************************************

## കെ.രാജൻ-നിയമസഭ

വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിൽ ഇതുവരെ 254 മരണങ്ങൾ സ്ഥിരീകരിച്ചതായും 47 പേരെ കാണാതായെന്നും റവന്യു മന്ത്രി കെ രാജൻ നിയമസഭയിൽ ചോദ്യോത്തര വേളയിൽ വ്യക്തമാക്കി. കേന്ദ്രസർക്കാരിനോടും, പ്രധാനമന്ത്രിയോടും വീണ്ടും അടിയന്തര സഹായം ആവശ്യപ്പെടാൻ സംസ്ഥാന മന്ത്രിസഭ തീരുമാനിച്ചതായും മന്ത്രി പറഞ്ഞു. ദുരന്തബാധിതർക്ക് വീടുകൾ നിർമ്മിച്ചു നൽകുന്നതിനായി പ്രതിപക്ഷവുമായി കൂടിയാലോചിച്ച് പൊതു ഏജൻസിയെ കണ്ടെത്തുമെന്നും ശ്രീ കെ രാജൻ വ്യക്തമാക്കി.

RNU TVPM

***********************************************

## വി. ശിവൻ കുട്ടി (ഇൻട്രോ)

കഴിഞ്ഞ എട്ട് വർഷത്തിനുള്ളിൽ വിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഏകദേശം 5000 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയതായി മന്ത്രി വി ശിവൻകുട്ടി നിയമസഭയിൽ പറഞ്ഞു. സംസ്ഥാലത്ത് സബ്ജക്ട് മിനിമം നടപ്പാക്കുന്നതിൽ ആശങ്ക വേണ്ടെന്നും മന്ത്രി നിയമസഭയെ അറിയിച്ചു.

(ഹോൾഡ്)

മികവിനായുള്ള സ്കൂൾ വിദ്യാഭ്യാസം സംബന്ധിച്ച ഖാദർ കമ്മിറ്റി റിപ്പോർട്ടിൽ പ്രായോഗികമല്ലാത്ത നിർദ്ദേശങ്ങൾ ഉള്ളതായി കണ്ടെത്തിയിട്ടില്ല എന്നും മന്ത്രി നിയമസഭയിൽ ചോദ്യങ്ങൾക്കുള്ള

മറുപടിയായി അറിയിച്ചു. ജനകീയ പങ്കാളിത്തത്തോടു കൂടിയുള്ള സംസ്ഥാനത്തെ പാഠ്യപദ്ധതി പരിഷ്കരണത്തെ 2024 ലെ യുനെസ്കോ യൂത്ത് റിപ്പോർട്ടിൽ പരാമർശിച്ചത് സംസ്ഥാനത്തിന് ലഭിച്ച വലിയ അംഗീകാരം ആണെന്നും ശ്രീ വി ശിവൻകുട്ടി അറിയിച്ചു.

********************************

## വി ഡി സതീശൻ-മുഖ്യമന്ത്രി

നവ കേരള സദസുമായി ബന്ധപ്പെട്ട് ഉണ്ടായ ക്രമസമാധാന പ്രശ്നങ്ങൾ സംബന്ധിച്ച് കോടതി നൽകിയ ഉത്തരവ് സ്വാഭാവിക നടപടിക്രമം മാത്രമാണെന്ന് മന്ത്രി എം ബി രാജേഷ്. പരാതിയിൽ പോലീസ് അന്വേഷണം നടത്തണമെന്ന നിർദ്ദേശമല്ല കോടതിയിൽ നിന്നുണ്ടായതെന്നും പ്രതിപക്ഷ നേതാവ് വി ഡി സതീശന്റെ സബ്മിഷന് മറുപടിയായി മന്ത്രി നിയമസഭയിൽ പറഞ്ഞു. മുഖ്യമന്ത്രിക്ക് വേണ്ടിയാണ് മന്ത്രി എം ബി രാജേഷാണ് നിയമസഭയിൽ മറുപടി നൽകിയത്.

RNUTVPM

********************************

## എം ബി രാജേഷ്

ഒരു രാജ്യം, ഒരു തിരഞ്ഞെടുപ്പ് പരിഷ്കരണത്തിൽ നിന്ന് പിന്തിരിയണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്ന പ്രമേയം കേരള നിയമസഭ ഐകകണ്ഠേന പാസാക്കി. മുഖ്യമന്ത്രിക്ക് വേണ്ടി മന്ത്രി എം ബി രാജേഷ് ആണ് പ്രമേയം സഭയിൽ അവതരിപ്പിച്ചത്. സംസ്ഥാനങ്ങളുടെ അവകാശങ്ങളെ ഹനിക്കുന്ന നടപടിയാണ് ഇതെന്ന്, പ്രമേയത്തിൽ പറയുന്നു.

********************************

## രത്തൻ ടാറ്റ

പ്രമുഖ വ്യവസായിയും ടാറ്റാ ഗ്രൂപ്പിന്റെ മുൻ ചെയർമാനുമായിരുന്ന രത്തൻ നവൽ ടാറ്റയുടെ വിയോഗത്തിൽ അനുശോചിച്ച് രാജ്യം. സമൂഹത്തിന്റെ നാനാതുറകളിലുള്ളവർ അദ്ദേഹത്തിന് ശ്രദ്ധാഞ്ജലി അർപ്പിച്ചു. രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി ഉൾപ്പെടെയുള്ള പ്രമുഖർ രത്തൻ ടാറ്റയുടെ വിയോഗത്തിൽ ദു:ഖം രേഖപ്പെടുത്തി. കേരളത്തിൻറെ സമ്പദ് വ്യവസ്ഥയുടെ വളർച്ചയിൽ ടാറ്റ നൽകിയ സംഭാവനകൾ മുഖ്യമന്ത്രി പിണറായി വിജയൻ അനുസ്മരിച്ചു. പത്മവിഭൂഷൺ, പത്മഭൂഷൺ ഉൾപ്പെടെ നിരവധി പുരസ്കാരങ്ങൾ നൽകി രാജ്യം അദ്ദേഹത്തെ ആദരിച്ചിട്ടുണ്ട്. മുംബൈയിലെ N C P A യിൽ പൊതുദർശനത്തിന് വച്ചിരിക്കുന്ന അദ്ദേഹത്തിന്റെ ഭൗതിക ശരീരം പൂർണ്ണ ഔദ്യോഗിക ബഹുമതികളോടെ ഇന്ന് വൈകുന്നേരം വർളി ശ്മശാനത്തിൽ സംസ്കരിക്കും. മഹാരാഷ്ട്രയിൽ ഇന്ന് ഔദ്യോഗിക ദു:ഖാചരണം ആണ്.

RNU TVPM

*********************************

## സാങ്കേതിക സർവകലാശാല

എ പി ജെ അബ്ദുൾ കലാം സാങ്കേതിക സർവകലാശാലയുടെ നാല് പദ്ധതികളുടെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് തിരുവനന്തപുരത്ത് നിർവഹിക്കും. സർവകലാശാലയുടെ പഠനവകുപ്പുകൾ, ഗവേഷണ കേന്ദ്രത്തിന്റെ നിർമ്മാണം, സോഫ്റ്റ്‌വെയർ ഡെവലപ്മെന്റ് സെന്റർ തുടങ്ങിയവയാണ് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുന്നത്. മന്ത്രിമാരായ ആർ ബിന്ദു, പി രാജീവ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും.

*********************************

## ജോർജ് കുര്യൻ

കൊച്ചി വിമാനത്താവളത്തിൽ വളർത്തു മൃഗങ്ങളുടെ ഇറക്കുമതിക്കായി ഏർപ്പെടുത്തിയ ക്വാറന്റീൻ , സർട്ടിഫിക്കേഷൻ സംവിധാനങ്ങളുടെ ഉദ്ഘാടനം ഇന്ന് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ നിർവഹിച്ചു. സിയാലിന്റെ ഡൊമസ്റ്റിക് ടെർമിനലിലായിരുന്നു ചടങ്ങ്.

*********************************

## വന്ദനദാസ്- സുരേഷ് ഗോപി

ഡോ.വന്ദനദാസിന്റെ ഓർമ്മയ്ക്കായി ജന്മനാടായ തൃക്കുന്നപ്പുഴയിൽ ആരംഭിക്കുന്ന വന്ദനദാസ് മെമ്മോറിയൽ ക്ലിനിക്ക് ഇന്ന് നാടിന് സമർപ്പിക്കും. ഇന്ന് രാവിലെ ക്ലിനിക്കിലെ പ്രാർത്ഥനാ ഹാളും മെഡിക്കൽ ക്യാമ്പും കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ഉദ്ഘാടനം ചെയ്തു. തുടർന്ന് ദീപം തെളിയിക്കുകയും ഫോട്ടോയിൽ പുഷ്പാർച്ചനയും നടന്നു.വന്ദനദാസിന്റെ ഓർമ്മയിലുള്ള സ്ഥാപനം പ്രദേശത്തെ പാവപ്പെട്ട ജനങ്ങൾക്ക് ആശ്രയവും ആശ്വാസവുമാകുമെന്ന് സുരേഷ് ഗോപി പറഞ്ഞു. വൈകിട്ട് നടക്കുന്ന ചടങ്ങിൽ ഗവർണ്ണർ ആരിഫ് മുഹമ്മദ് ഖാൻ ക്ലിനിക്ക് ഉദ്ഘാടനം ചെയ്യും.

RNUTVPM

*********************************

## മാനസികാരോഗ്യം... ഇൻട്രോ

ഇന്ന് മാനസികാരോഗ്യ ദിനം. തൊഴിൽ മേഖലയിൽ മാനസികാരോഗ്യ പ്രശ്നങ്ങളും ആത്മഹത്യകളും പെരുകുന്ന പശ്ചാത്തലത്തിൽ തൊഴിലിടങ്ങളിൽ ആരോഗ്യകരമായ അന്തരീക്ഷം സ്ഥാപിക്കുന്നതിന് ഈ വർഷത്തെ ദിനാചരണം ഊന്നൽ നൽകുന്നതായി തിരുവനന്തപുരം മെഡിക്കൽ കോളേജിലെ മാനസികാരോഗ്യ വിദഗ്ധനും പ്രൊഫസറുമായ

ഡോ. അരുൺ ബി നായർ ആകാശവാണി വാർത്തകളോട് പറഞ്ഞു.

(വോയ്സ് - ബൈറ്റ്)

*********************************

### മഴ

സംസ്ഥാനത്ത് വ്യാപകമഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഏഴ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഞായറാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക്.

*********************************

### കണ്ണൂർ-കല്ലൂരിക്കടവ് പാലം........ ഇൻട്രോ

RNUTVPM

കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി, നാറാത്ത് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കല്ലൂരിക്കടവ് പാലത്തിനായി പുതിയ രൂപ രേഖ തയ്യാറാക്കുന്നു. പരിഷ്കരിച്ച ഡി.പി.ആർ ലഭിച്ചാലുടൻ തുടർ നടപടി സ്വീകരിക്കുമെന്ന് മന്ത്രി പി.എ.മുഹമ്മദ് റിയാസ് അറിയിച്ചിരുന്നു.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ..**

(വോയ്സ്)

*********************************

### ടി പി മാധവൻ-സംസ്കാരം

ഇന്നലെ അന്തരിച്ച ചലച്ചിത്ര നടൻ ടി പി മാധവൻറെ സംസ്കാരം വൈകുന്നേരം തിരുവനന്തപുരം ശാന്തികവാടത്തിൽ

നടക്കും. കഴിഞ്ഞ എട്ട് വർഷമായി പത്തനാപുരം ഗാന്ധിഭവൻ അന്തേവാസിയാണ് ടി പി മാധവൻ. അറുനൂറിലധികം ചിത്രങ്ങളിൽ അഭിനയിച്ചിട്ടുണ്ട്.

*********************************

## സൈബർ തട്ടിപ്പ്

സൈബർ തട്ടിപ്പിനെതിരെ ജാഗ്രത നിർദേശവുമായി കേരള പോലീസ്. സാമൂഹ്യമാധ്യമങ്ങളിൽ പാർട്ട് ടൈം/ ഓൺലൈൻ ജോലികൾ തിരയുന്ന വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ളവരെയാണ് തട്ടിപ്പുകാർ ലക്ഷ്യമിടുന്നത്. സ്വന്തമായി ബാങ്ക് അക്കൗണ്ടും ഗൂഗിൾ പേ അക്കൗണ്ടും ഉള്ളവർക്ക് ജോലി നൽകുന്നതാണ് തട്ടിപ്പുസംഘത്തിൻ്റെ രീതി. ഇത്തരം ഓൺലൈൻ സാമ്പത്തികത്തട്ടിപ്പുകൾ ശ്രദ്ധയിൽപ്പെട്ടാൽ 1-9-3-0 ത്തിൽ വിവരം അറിയിക്കേണ്ടതാണെന്ന് പോലീസ് അറിയിച്ചു.

RNU TVPM

*********************************

## ഓഹരി

ഓഹരി വിപണി നേട്ടത്തിൽ വ്യാപാരം തുടരുന്നു. ദേശീയ ഓഹരി സൂചിക നിഫ്റ്റി 62 പോയിന്റ് ഉയർന്ന് 25,044 ലും ബോംബെ ഓഹരി സൂചിക സെൻസെക്സ് 279 പോയിന്റ് നേട്ടത്തിൽ 81,746 ലും വ്യാപാരം തുടരുന്നു.

**************************************************************************************************